(ഇ) രണ്ടാമത് പ്രസിദ്ധപ്പെടുത്തിയ ഉത്തര സൂചികയനുസരിച്ച് തെറ്റുള്ളതായി പരീക്ഷാർത്ഥികളിൽ നിന്നും ലഭിച്ച പരാതികൾ ക്രോഡീകരിച്ച് വിദഗ്ദ്ധ സമിതിക്ക് നൽകി പരാതി സംബന്ധിച്ച നിജസ്ഥിതി അറിയിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി

(497) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല റോഡുകളും അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഗതാഗതയോഗ്യമല്ലാതായി കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില റോഡുകളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടാറിന്റെ ലഭ്യത കുറവും, മഴമൂലവും ചില പണികളിൽ കാലതാമസം നേരിടുന്നുണ്ട്.

(സി) ടാർ ലഭ്യമാക്കുന്നതിനും ഏറ്റവും അത്യാവശ്യം വേണ്ടുന്ന അറ്റകുറ്റപ്പണികൾ കണ്ടെത്തി റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ തീരുമാന പ്രകാരം സാധാരണ അറ്റകുറ്റപ്പണികൾ, കാലാകാലങ്ങളിലെ അറ്റകുറ്റപ്പണികൾ, കാലവർഷം കൊണ്ടുള്ള അറ്റകുറ്റപ്പണികൾ, പ്രത്യേക അറ്റകുറ്റപ്പണികൾ എന്നീ പണികൾക്കു പുറമെ റൈഡിംഗ് ക്വാളിറ്റി മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചുരുങ്ങിയത് പത്തു കിലോമീറ്റർ കുറയാത്ത ഭാഗങ്ങൾ തെരഞ്ഞെടുത്ത് ബിറ്റുമിൻ മക്കാടാം, ആസ്ഫാൾടിക്ക് കോൺക്രീറ്റ് എന്നീ പണികൾ പ്രത്യേകമായി ചെയ്യുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ കേരളത്തിലെ വിവിധ ദേശീയ പാതകളിൽ 202 കിലോമീറ്റർ നീളത്തിൽ 36 കോടി രൂപയുടെ പണികൾ നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

റോഡിന്റെ അറ്റകുറ്റപ്പണി നടത്താൻ നടപടി

(502) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly